പതിനാലാം കേരള നിയമസഭ
പതിനൊന്നാം സമ്മേളനം

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ. 558</u> 05-<u>06-2018-ൽ മറുപടിക്ക്</u>

## <u>വ്യാജ ജി.എസ്.ടി ബില്ലുകൾ</u>

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ.എം. രാജഗോപാലൻ | | ഡോ. ടി.എം. തോമസ് ഐസക്ക് (ധനകാര്യവും കയറും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തിനകത്ത് വ്യാജ ജി.എസ്.ടി ബില്ലുകൾ വഴി വ്യാപകമായതോതിൽ ചരക്ക് കടത്തുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | സംസ്ഥാനത്തിനകത്ത് വ്യാജ ജി.എസ്.ടി ബില്ലുകൾ വഴിചരക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടില്ല.എന്നാൽ മതിയായ രേഖകൾ ഇല്ലാതെയോ തെറ്റായ രേഖകൾ ഉപയോഗിച്ചോ രേഖകൾ ഒന്നുംതന്നെ ഇല്ലാതെയോ ചരക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയിൽ പെട്ടിട്ടുണ്ട്. |
| (ബി) | റെയിൽവെ വഴിയും മറ്റും ജി.എസ്.ടി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതു മൂലം സർക്കാരിന് 2017-18 വർഷത്തിൽ എത്ര രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ? | (ബി) | റെയിൽവെ വഴിയും മറ്റും ജി.എസ്.ടി വെട്ടിച്ച് ചരക്കുകൾ കടത്തുന്നതു മൂലം എത്ര രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല.എന്നാൽ ടി കാലയളവിൽ ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്നതിനു ശേഷം നികുതി വെട്ടിച്ച് ചരക്ക് കടത്താൻ ശ്രമിച്ചതിന് 6.10 കോടി രൂപ പിഴ ഈടാക്കിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ